പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:821 28.09.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി ജീവനക്കാർക്കെതിരെയുള്ള ആക്രമണം

ചോദ്യം ഉത്തരം

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്കും കണ്ടക്ടർമാർക്കും നേരെ ആക്രമണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2010–11 വർഷത്തിൽ ഇത്തരത്തിൽ എത്ര ആക്രമണങ്ങൾ നടന്നു; ഇവ ഫലപ്രദമായി തടയുന്നതിനും ജീവനക്കാർക്ക് സംരക്ഷണം നൽകുന്നതിനുമായി സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) | 2010 – 11 വർഷത്തിൽ ഇത്തരത്തിൽ 551 ആക്രമണങ്ങൾ നടന്നിട്ടുണ്ട്. ഇത്തരം ആക്രമണങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ആക്രമണം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി കൈക്കൊള്ളുന്നതിനും ബസ് ജീവനക്കാർക്ക് മതിയായ സംരക്ഷണം ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഡി.ജി.പി.യോട് കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. |

Vinic Dominic

സെക്ഷൻ ഓഫീസർ